തായ റെയിൽവേ മേഖല എന്ന ആവശ്യത്തിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) കേരളത്തിന് പ്രത്യേകമായി ഒരു റെയിൽവേ സോൺ വേണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നിരാകരിച്ചതായി അറിയില്ല. എന്നാൽ സംസ്ഥാനത്തിനായി ഒരു റെയിൽവേ സോൺ അനുവദിക്കുന്നതിനോട് റെയിൽവേയ്ക്ക് അനുകൂല നിലപാട് ഇല്ല എന്നാണ് അറിയാൻ കഴിഞ്ഞത്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്.

19 (*79) നികുതി വരുമാനത്തിൽ സംസ്ഥാനത്തിന്റെ വിഹിതം

ശ്രീ. എം.എ. തോമസ് :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വരുമാനങ്ങളിൽ നിന്നുള്ള സംസ്ഥാന വിഹിതത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതായി സംസ്ഥാന സർക്കാരിന് അറിവുണ്ടോ;

(ബി) ഏങ്കിൽ ഇതു സംബന്ധമായ എന്തെങ്കിലും അറിയിപ്പ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(സി) നികുതി വരുമാനം സംസ്ഥാനങ്ങൾക്ക് പങ്ക് വെയ്ക്കുന്നത് സംബന്ധിച്ച് പത്താം ധനകാര്യ കമ്മീഷൻ മുമ്പ് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നതായി അറിവുണ്ടോ; എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷൻ മുമ്പാകെ നികുതി വരുമാനം പങ്കുവയ്ക്കുന്നത് സംബന്ധിച്ച് എന്തു നിർദ്ദേശമാണ് സർക്കാർ സമർപ്പിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) അന്തർ സംസ്ഥാന കൗൺസിൽ ശുപാർശ ചെയ്തിരുന്ന കൺസൈൻമെന്റ് ടാക്സ് സമ്പ്രദായം നടപ്പാക്കാതിരിക്കുക, സംസ്ഥാന ഭാഗ്യക്കുറി നിരോധിക്കുക, കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് പലിശ ഇനത്തിൽ കേന്ദ്രത്തിലേക്കു തന്നെ പോവുക, സംസ്ഥാനത്തിന് നൽകുന്ന പലിശ രഹിത വായ്പകൾക്കു കേന്ദ്രം പലിശ ഈടാക്കുക തുടങ്ങിയ സാമ്പത്തിക നയം മൂലം സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ചോർച്ച സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) 1998 മാർച്ച് വരെയുള്ള എല്ലാ കേന്ദ്ര വായ്പകളും എഴുതിത്ത ള്ളാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നുവോ;

(എച്ച്) എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ അറിയിപ്പ് ലഭി ച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(സി) പത്താം ധനകാര്യ കമ്മിഷൻ, സംസ്ഥാന ഗവൺമെന്റുകൾക്ക് പങ്കു വെയ്ക്കേണ്ട കേന്ദ്ര നികുതികളായ ആദായനികുതി, എക്സൈസ് തീരുവ, അധിക എക്സൈസ് തീരുവ എന്നിവ താഴെ പറയുന്ന രീതിയിൽ പങ്കുവയ്ക്കാൻ ശുപാർശ നൽകിയിരുന്നു. ആകെ ലഭിക്കുന്ന ആദായ നികുതി യുടെ 77.5% ഉം എക്സൈസ് തീരുവയുടെ 40%ഉം അധിക എക്സൈസ് തീരു വയുടെ 97.8% ഉം സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാനാണ് പത്താം ധനകാ ര്യകമ്മീഷൻ ശുപാർശ സമർപ്പിച്ചിരുന്നത്.

ഇതിനുപുറമെ സംസ്ഥാനങ്ങൾക്കിടയിൽ നികുതി പങ്ക് വെയ്ക്കുന്നതി നായി പത്താം ധനകാര്യ കമ്മിഷൻ ഒരു ബദൽ നികുതി വിഭജന ഫോർമു ലയും (ആൾട്ടർനേറ്റീവ് സ്കീം) നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച്, ആകെ കേന്ദ്ര നികുതികളുടെ മൊത്തവരുമാനത്തിന്റെ 26% സംസ്ഥാനങ്ങൾക്ക് നൽകണം. കൂടാതെ ടാക്സ് റെന്റൽ സംവിധാനം നിർത്തലാക്കുകയും അധിക എക്സൈസ് തീരുവാ അടിസ്ഥാന എക്സൈസ് തീരുവയിൽ ലയിപ്പി ക്കുകയും വേണം, ഇപ്രകാരം ചെയ്തശേഷം കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 3% കൂടി സംസ്ഥാനങ്ങൽക്ക് നൽകണം. അങ്ങനെ ആകെ 29% സംസ്ഥാനങ്ങൾക്കിടയിൽ പങ്കുവെയ്ക്കണം. അത് ഭരണ ഘടനയിൽ വേണ്ടവിധം ഉൾപ്പെടുത്തുകയും 15 വർഷത്തിലൊരിക്കൽ അത് പുനഃപരിശോ ധിക്കുകയും വേണം എന്നതാണ് പത്താം ധനകാര്യ കമ്മീഷൻ ശുപാർശ.

(ഡി) പത്താം ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്തിരുന്ന ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ ഫോർമുല ഉടനെ നടപ്പിലാക്കുക, കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 40%ൽ കുറയാത്ത തുക സംസ്ഥാന ങ്ങൾക്ക് നൽകുക, ധനകാര്യ കമ്മിഷൻ നിലവിലുള്ള വിഭവ കൈമാറ്റ ഫോർമുല തന്നെ തുടരുകയാണെങ്കിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിക്കണം.

1. സംസ്ഥാനങ്ങൾക്കുള്ള ആദായ നികുതി വിഹിതം 85% ആയി പുനഃസ്ഥാപിക്കുക.

2. ആദായ നികുതിക്ക് സർചാർജ് ഏർപ്പെടുത്തുകയും അങ്ങനെ ലഭിക്കുന്ന വരുമാനം സംസ്ഥാനങ്ങൾക്ക് പങ്ക് വെയ്ക്കാതിരിക്കുകയും ചെയ്യുന്ന രീതി നിർത്തലാക്കുക.

3. കോർപ്പറേറ്റ് നികുതിയെ ആദായ നികുതിയുടെ ഭാഗമാക്കുക.

4. നികുതിദായകരിൽ നിന്നും ഈടാക്കുന്ന പലിശയും പിഴകളും വീതം വയ്ക്കപ്പെടുന്ന നികുതി തുകയുടെ കീഴിൽ കൊണ്ടു വരിക.

5. എക്സൈസ് ഡ്യൂട്ടിയുടെ വിഹിതം നിലവിലുള്ള 40% ൽ നിന്ന് 47.5% ആയി ഉയർത്തുക.

6. അധിക എക്സൈസ് തീരുവ കേന്ദ്രം ഈടാക്കുന്ന നിലവി ലുള്ള രീതി അവസാനിപ്പിച്ച് വിൽപ്പന നികുതി പിരിക്കുന്നതിനുള്ള അധി കാരം സംസ്ഥാനങ്ങൾക്ക് നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

7. റെയിൽവേ യാത്രക്കൂലിയിൽ മേലുള്ള നികുതിയുടെ പകരമായുള്ള ഗ്രാന്റ് നിലവിലുള്ള 10.7% ൽ നിന്നും മൊത്തം നികുതി വരുമാനവും പരോക്ഷ നികുതി വരുമാനവും തമ്മിലുള്ള അനുപാത വർദ്ധനവിനനുസരിച്ച് വർദ്ധിപ്പിക്കുക.

8. കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 10% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക.

9. ദുരിതാശ്വാസ നിധിയിലെ കേന്ദ്ര വിഹിതം 90% ആയി ഉയർത്തുക.

(ഇ) ലോട്ടറി നിരോധനം നടപ്പിലായാൽ പ്രതിവർഷം ചുരുങ്ങിയത് 19 കോടി രൂപ (തനി) നഷ്ടം ഉണ്ടാകുന്നതായി കണക്കാക്കിയിരിക്കുന്നു. മറ്റുള്ളവമൂലമുള്ള സാമ്പത്തിക ചോർച്ച കണക്കാക്കിയിട്ടില്ല.

(എഫ്) ലോട്ടറി നിരോധനത്തിനെതിരെ മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും കേന്ദ്രത്തിന് കത്തെഴുതിയിട്ടുണ്ട്. അന്തർ സംസ്ഥാന കൗൺസിലിലും മുഖ്യ മന്ത്രിമാരുടെ യോഗത്തിലും ഈ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാനത്തു നിന്നുള്ള എം.പി. മാരോട് ഈ പ്രശ്നം പാർലമെന്റിൽ ഉന്നയിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് വിശദമായ ഒരു മെമ്മോറാണ്ടവും നൽകുന്നുണ്ട്.

(ജി) 1. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനവും (എസ്.ഡി.പി) ഋണബാധ്യതയുമായുള്ള അനുപാതം 25% ആയി ക്രമപ്പെടുത്തുന്നതിനായി നിലവിലുള്ള കേന്ദ്ര വായ്പകൾ ഇതനുസരിച്ച് ഗ്രാന്റായി മാറ്റുക.

2. ഉൽപ്പാദനക്ഷമമല്ലാത്ത വായ്പകൾ എഴുതിത്തള്ളുക.

3. പദ്ധതിച്ചെലവിന്റെ വർദ്ധിച്ച റവന്യൂ ഘടകം പ്രതിഫലിപ്പിക്കുന്ന തരത്തിൽ കേന്ദ്ര പദ്ധതി സഹായത്തിലെ ഗ്രാന്റ് 45% ആയി ഉയർത്തുക.

4. ബാഹ്യസഹായ പദ്ധതികൾക്ക് കേന്ദ്രത്തിന് ലഭിക്കുന്ന തുക അതു ലഭിക്കുന്ന സഹായകരമായ വ്യവസ്ഥകളിൽ തന്നെ ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ലഭ്യമാക്കുക.

5. ചെറുകിട സമ്പാദ്യ നിധിയിൽ നിന്നുള്ള വായ്പകൾ സ്ഥിരം വായ്പകളായി കണക്കാക്കുക.

(എച്ച്) കേന്ദ്രത്തിന്റെ അറിയിപ്പ് ലഭിച്ചിട്ടില്ല. ധനകാര്യ കമ്മിഷൻ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

20 (*80) ശബരി റെയിൽവേ പാതയുടെ നിർമ്മാണം

ശ്രീ. ടി.എസ്. ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപ്പാതയുടെ നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് സർക്കാരിന് അറിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly